# 2012 ഫെബ്രുവരി 12 തിരുബാലസഖ്യദിനം
## കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, കുഞ്ഞുമക്കളേ,

എല്ലാ വർഷവും ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ച തിരുബാലസഖ്യദിനമായി ആഗോളകത്തോലിക്കാ സഭ ആചരിക്കുകയാണ് . ബാലനായ ഈശോയുടെ ജീവിത ശൈലി ഓരോ കുഞ്ഞും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. 1843 - ൽ ഫ്രാൻസിലെ നാൻസി രൂപതാദ്ധ്യക്ഷനായിരുന്ന ബിഷപ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യം എന്ന സംഘടന സ്ഥാപിക്കുന്നത്. 1922-ൽ 10-ാം പീയൂസ് മാർപാപ്പാ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 11-ാം പീയൂസ് മാർപാപ്പാ എല്ലാ വർഷവും ഫെബ്രുവരി രണ്ടാം ഞായർ തിരുബാലസഖ്യ ദിനമായി ആചരിക്കണമെന്ന് നിഷ്കർഷിക്കുകയുമുണ്ടായി. ഇളംമനസ്സുകളുടെ രൂപീകരണത്തിന് ഇത്തരം ആഘോഷങ്ങൾ സഹായകമാകയാൽ ഈ ദിനം ഉചിതമായ തയ്യാറെടുപ്പുകളോടെ നാം ആചരിക്കേണ്ടതാണ്.

നസ്രത്തിലെ തിരുക്കുടുംബത്തിൽ നിറഞ്ഞുനിന്ന ദൈവികമായ ജീവന്റെ വിശുദ്ധ സംസ്കാരത്തിന് പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൗസേപ്പിതാവിന്റെയും ബോധപൂർവ്വകമായ കരുതലുകൾ ഉണ്ടായിരുന്നു. ബാലനായ ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നതിൽ ഈ കരുതൽ വലിയ പങ്കുവഹിച്ചു.

കുടുംബവും സാഹചര്യങ്ങളുമാണ് ജീവിതനിലപാടുകൾ രൂപീകരിക്കുന്നതിൽ കുഞ്ഞുങ്ങളെ സ്വാധീനിക്കുന്ന ഏറ്റവും വലിയ ഘടകങ്ങൾ. ഒരു ജീവസംസ്കാരം രൂപപ്പെടുത്തണമെങ്കിൽ ഓരോ കുട്ടിയുടെയും ജീവിതസാഹചര്യങ്ങൾ അറിഞ്ഞേ മതിയാകൂ. കുട്ടികളുടെ ചിന്താമണ്ഡലങ്ങളും അതിൽ നിന്നും ഉയർന്നുവരുന്ന പ്രവർത്തനരീതികളുമൊക്കെ അവരുടെ ജീവിതനിലവാരത്തിന്റെയും ആദ്ധ്യാത്മിക നിലപാടുകളുടെയും സാക്ഷ്യങ്ങളാണ്. അതിനാൽ, കുഞ്ഞുങ്ങളുടെ മേലുള്ള ദൈവപദ്ധതിക്ക് മുതിർന്നവർ കൂട്ടുനിൽക്കണം. അതിന്റെ തിരിച്ചറിവിനും വളർച്ചയ്ക്കും വേണ്ടി സഹകരിക്കുകയും വേണം. ഉപഭോക്തൃസംസ്കാരത്തിന്റെ ഇഷ്ടാനിഷ്ടങ്ങളും പ്രത്യയശാസ്ത്രങ്ങളുടെ മാർഗഭ്രംശവും കുഞ്ഞുങ്ങളെ വഴിതെറ്റിക്കുന്നു ഇക്കാലത്ത് അതു പ്രധാനപ്പെട്ട കാര്യമാണ്.

സാധാരണഗതിയിൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളാണ് തിരുബാലസഖ്യത്തിൽ അംഗങ്ങളാകുന്നത്. ആദ്യകുർബാനസ്വീകണം വരെയുള്ള ഈ കാലഘട്ടത്തിൽ കുരുന്നുമനസ്സുകളുടെ ശരിയായ രൂപീകരണത്തിന് വേണ്ടതെല്ലാം നാം കരുതലോടെ ചെയ്യേണ്ടതുണ്ട്. 12-ാം വയസ്സിൽ ബാലനായ ഈശോ ദൈവാലയത്തിൽ വച്ച്, തന്റെ ജീവിതനിലപാട് വ്യക്തമാക്കി. മനസ്സാക്ഷി രൂപീകരണത്തിന്റെ ഇളംപ്രായത്തിൽ ശരിയായ നിലപാടുകൾ കാണിച്ചുകൊടുക്കുന്നതിന്റെ ആവശ്യകതയാണ് ഇവിടെ വ്യക്തമാകുന്നത്.

നിലപാടുരൂപീകരണം വളരെ സാവധാനത്തിൽ നടക്കുന്നതായതുകൊണ്ടും സഭയ്ക്കും ക്രൈസ്തവ മൂല്യങ്ങൾക്കും എതിരെയുള്ള അന്ധകാരശക്തികളുടെ പ്രവർത്തനം ശക്തമായതുകൊണ്ടും ധ്യാനത്തോടെയും പരിചിന്തനത്തോടെയും വേണം കുഞ്ഞുങ്ങളുടെ വളർത്തലിലും ദൈവവിളി പ്രോത്സാഹനത്തിലും മുതിർന്നവർ ശ്രദ്ധിക്കുവാൻ. കുടുംബം, ഇടവക, വിദ്യാലയം, സമൂഹം എന്നിവ സഹകരിച്ചു പ്രവർത്തിച്ചെങ്കിലേ ഇതു സാധ്യമാവുകയുള്ളൂ.

“കുഞ്ഞുങ്ങൾ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്” (മത്താ 19:14) എന്ന ഈശോയുടെ നിർദ്ദേശവും, “എന്റെ ഈ എളിയ സഹോദരരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്” (മത്താ 25;40) എന്ന അവിടത്തെ വാക്കുകളും നമ്മുടെ മനസ്സിലുണ്ടാകണം. ദൈവസമ്മാനമായ കുഞ്ഞിന് ജന്മം നൽകി കുടുംബത്തിലേക്കും ഇടവകയിലേക്കും സമൂഹത്തിലേക്കും അതിനെ നയിക്കുമ്പോൾ ദൈവപദ്ധതിയോടാണ് മാതാപിതാക്കൾ സഹകരിക്കുന്നത്. ഇതിന് തടസ്സം നില്ക്കുന്ന ഏത് ശക്തിയും - അത് പാർട്ടി പ്രത്യയശാസ്ത്ര മാകട്ടെ, നിരീശ്വരവാദങ്ങളാകട്ടെ, ഉപഭോക്തൃസംസ്കാരമാകട്ടെ, യാഥാസ്ഥിക വാദങ്ങളാകട്ടെ - സ്നേഹത്തെപ്രതി സർവ്വം സൃഷ്ടിച്ച് കാത്തുപരിപാലിക്കുന്ന കാരുണ്യവാനായ ദൈവത്തോടാണ് മറുതലിക്കുന്നത്. “ഈ എളിയവരിൽ ആർക്കെങ്കിലും ഉതപ്പ് നൽകുന്നവന്റെ കഴുത്തിൽ തിരികല്ല് കെട്ടി ആഴക്കടലിൽ താഴ്ത്തപ്പെടുന്നതാണ് നല്ലതെ”ന്ന (മത്താ 18:6) ഈശോയുടെ വാക്കുകൾ ഇവർ ഓർക്കുന്നതു നല്ലതാണ്.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് അവനെ/അവളെ വളർത്താൻ നമുക്കു കഴിയണം. അതിനായി ചില പ്രായോഗിക നിദ്ദേശങ്ങൾ വയ്ക്കട്ടെ.

1. കുടുംബത്തിൽ ശാന്തിയും സമാധാനവും ഉറപ്പുവരുത്തുക. കുട്ടികളുടെ മുന്നിൽ പരസ്നേഹത്തി നെതിരായ പ്രവൃത്തികളോ ചർച്ചകളോ ഉണ്ടാകാതെ നോക്കണം. കരുണയില്ലാത്ത നിലപാടുകൾ ഉണ്ടാക രുത്. തിരുസഭയെയും മെത്രാന്മാരെയും വൈദികരെയും സന്ന്യസ്തരെയും കുറിച്ച് ബഹുമാനപൂർവ്വം സംസാരിക്കണം.

2. കുട്ടികൾക്ക് ദൈവവചനവും വിശുദ്ധരുടെ ജീവിതകഥകളും ലഭ്യമാക്കുക. കുട്ടികളോടൊപ്പം പ്രാർത്ഥനകളിലും തിരുനാളുകളിലും തിരുപ്പട്ട - സന്ന്യാസവ്രതസ്വീകരണ വേളകളിലും പങ്കെടുക്കുക.

3. ഇടവക - ഫൊറോനാ-രൂപതാടിസ്ഥാനങ്ങളിൽ കുട്ടികൾക്ക് ആത്മീയ ഉണർവുണ്ടാകുന്ന റാലികൾ, മത്സരങ്ങൾ, സെമിനാറുകൾ, ധ്യാനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

4. സിസ്റ്റേഴ്സിനെ തിരുബാലസഖ്യ ആനിമേറ്റേഴ്സായി നിയമിക്കുകയും ആഴ്ചയിലൊരിക്കൽ ഈ ആനിമേറ്ററുടെ നേതൃത്വത്തിൽ മീറ്റിംഗും പ്രാർത്ഥനയും സംഘടിപ്പിക്കുകയും ചെയ്യുക.

5. നമ്മുടെ വിദ്യാലയങ്ങളിൽ പാഠ്യവിഷയങ്ങൾക്കുപുറമേ കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയെ മുന്നിൽ കണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ ആകർഷകമാക്കി നൽകുക .

6. ദൃശ്യശ്രാവ്യ വാർത്താവിനിമയ മാധ്യമങ്ങളിലൂടെ കുഞ്ഞുമനസ്സിൽ ദൈവചിന്തയെ ഉണർത്തുക. ഉപഭോക്തൃസംസ്കാരത്തിന്റെ ദോഷവശങ്ങളെ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക.

7. വിദ്യാലയ അന്തരീക്ഷത്തിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പെരുമാറ്റവും ചർച്ചകളും സഭയ്ക്കും സഭാമേലധികാരികൾക്കും എതിരല്ല എന്നുറപ്പാക്കണം. ചിന്തകളെ സ്വർഗ്ഗോന്മുഖമാക്കുന്ന ചിത്രങ്ങളും, ദൈവവചന ലിഖിതങ്ങളും ഉപയോഗിക്കുക.

8. സുവിശേഷവേലയ്ക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നത് നല്ലതാണെന്നും അഭിമാനിക്കാവു ന്നതാണെന്നും അതുവഴി കുടുംബം അനുഗ്രഹിക്കപ്പെടുമെന്നും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക;

9. ദൈവസേവനത്തിനും ദൈവാലയ ശുശ്രൂഷയ്ക്കും കുട്ടികളിൽ ആഗ്രഹം ജനിപ്പിക്കുക, അവരെ അതിന് പ്രോത്സാഹിപ്പിക്കുക.

10. 'ഈശോയ്ക്കുള്ള എന്റെ സമ്മാനം' എന്ന മാതൃകയിലുള്ള പദ്ധതികൾ തുടങ്ങു കയും അതിലൂടെ സുവിശേഷ വേലയും മിഷനറി ചിന്തകളും വളർത്തുകയും ചെയ്യുക.

കുടുംബത്തിൽ ആരംഭിച്ച്, ഇടവകയിലും വിദ്യാലയത്തിലും വളർന്ന്, സഭയിലും സമൂഹത്തിലും പടർന്ന് പന്തലിക്കുന്ന ആത്മീയ വളർച്ചയുടെയും ദൈവവിളി പോഷണത്തിന്റെയും സംസ്കാരമാകട്ടെ രണ്ടായിരത്തിപന്ത്രണ്ടിന്റെ തിരുബാലസഖ്യദിനചിന്തകൾ.

പ്രിയപ്പെട്ട കുഞ്ഞുകൂട്ടുകാരേ, ഈശോയുടെ കൈപിടിച്ച് അവന്റെ കൂടെ നടക്കാൻ നിങ്ങൾക്ക് ഇടയാകട്ടെ. കാരുണ്യവാനായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹവാത്സല്യങ്ങളോടെ,

**ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുംന്തോട്ടം**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവേൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025/07.01.2012/Ref: 2322/K 35/OL/KCBC/DS

NB: 2012 ഫെബ്രുവരി 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങ ളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.